# ശബരിമലതീർത്ഥാടനം

അയ്യപ്പഭക്തരുടെ പുണ്യപൂങ്കാവനമാണ് ശബരിമല. മണ്ഡലമാസം ആരംഭിക്കുന്നതോടെ 41 ദിവസം നീളുന്ന കഠിനവ്രതമെടുത്ത് ഇരുമുടിക്കെട്ടുകളുമായി എത്തുന്ന അയ്യപ്പന്മാരുടെ ശരണംവിളി പതിനെട്ട് മലകളിലും പ്രതിധ്വനിക്കുമെന്നാണ് വിശ്വാസം. മലയാളമാസം വൃശ്ചികം ഒന്നിനാണ് മണ്ഡലകാലാരംഭം. പിന്നീടങ്ങോട്ട് 41 ദിവസം ഭക്തിയുടെ ദിനങ്ങളായിരിക്കും. മറ്റ് ക്ഷേത്രങ്ങളിലേതുപോലെ വർഷത്തിൽ എല്ലാ ദിവസവും ശബരിമലയിൽ നടതുറന്ന് പൂജ നടത്താറില്ല. മണ്ഡലകാലമാണ് ഇവിടുത്തെ പ്രധാന പൂജാകാലം. വൃശ്ചികം ഒന്നു മുതൽ 41 ദിവസങ്ങളിലും, മകരം ഒന്നിന് നടക്കുന്ന മകരസംക്രമപൂജ വരെയും, ശേഷം മകരം പത്തിന് ഗുരുതി വരെയുമാണ് ശബരിമലയിലെ തീർത്ഥാടന കാലയളവ്. ഈ സമയം കേരളത്തിനകത്തും പുറത്തു നിന്നുമായി തീർത്ഥാടകരുടെ ഒഴുക്കായിരിക്കും ശബരിമലയിലേക്ക്.

ഹൈന്ദവ ആചാരപ്രകാരമുള്ള ഒരു ക്ഷേത്രമാണെങ്കിലും എല്ലാ വിഭാഗങ്ങളിലുംപെട്ട ഭക്തജനങ്ങൾ മണ്ഡല-മകരവിളക്ക് സമയങ്ങളിലും മലയാളമാസാരംഭത്തിലും ദർശനം നടത്തിവരുന്ന ഒരു പുണ്യസങ്കേതമാണ് ശബരിമലസന്നിധാനം. ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽനിന്നു മാത്രമല്ല, വിദേശരാജ്യങ്ങളിൽനിന്നുപോലും ഭക്തജനങ്ങൾ തീർത്ഥാടകരായി ഈ സന്നിധിയിൽ എത്തുന്നുണ്ട്.

ഭക്തജനങ്ങൾക്ക് അഭയസ്ഥാനമാണ് ശബരിമല. ശബരിമലയുടെ അനുഷ്ഠാനപരവും, ഭക്തിപരവുമായ തനിമ കാത്തുസൂക്ഷിക്കുവാനുള്ള സംവിധാനങ്ങൾ ഇവിടെ ഉണ്ടാകേണ്ടതാണ്. സന്നദ്ധസംഘടനകൾ വഴി സൗജന്യമായി അന്നദാനവും, വിരിവയ്ക്കാൻ സൗകര്യവും ഒരുക്കുവാൻ ദേവസ്വംബോർഡ് മുൻകൈ എടുത്താൽ, ഭക്തജനങ്ങളെ ചൂഷണം ചെയ്യുന്നത് ഒഴിവാക്കാവുന്നതേയുള്ളു. പമ്പയിൽ എത്തുന്ന തീർത്ഥാടകർക്ക് അനുഷ്ഠാനപരമായ വിവരങ്ങൾ കൃത്യമായി നൽകുന്ന സംവിധാനം ഉണ്ടാവണം.

കുറഞ്ഞത് അഞ്ചു സംസ്ഥാനങ്ങളിൽ നിന്നെങ്കിലും തീർത്ഥാടകർ എത്തുന്ന സാഹചര്യത്തിൽ, ശബരിമലയെ ഒരു ദേശീയ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

ഭക്തജനങ്ങൾക്ക് ശബരിമലയിൽ അത്യന്താപേക്ഷിതമായി വേണ്ട സൗകര്യങ്ങൾ ശുദ്ധജലം, നല്ല ഭക്ഷണം, വൃത്തിയുള്ള ശൗചാലയങ്ങൾ, വൈദ്യസഹായം, വ്രതം നോക്കിവരുന്ന ഏവർക്കും വിവേചനം കൂടാതെയുള്ള അയ്യപ്പ ദർശനസൗകര്യം എന്നിവയാണ്. ഇവ ഉറപ്പുവരുത്തുന്നതിന് വൈദഗ്ദ്ധ്യംനിറഞ്ഞ ഒരു തീർത്ഥാടനഭരണസംവിധാനം ശബരിമലയിൽ ഉണ്ടാകേണ്ടതാണ്.

ശബരിമലതീർത്ഥാടനകാലത്ത് കാര്യക്ഷമമായ ദുരന്തനിവാരണസംവിധാനം ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. ശബരിമലയിലെ മാലിന്യനിർമ്മാർജ്ജനം വളരെ ഗൗരവത്തോടുകൂടി ഉൾക്കൊള്ളേണ്ട പദ്ധതിയാണ്. തീർത്ഥാടനസങ്കേതം പരിശുദ്ധവും പരിപാവനവുമായി സൂക്ഷിക്കേണ്ടതിനും, രണ്ടുമൂന്നുജില്ലകളിലായി പരന്നൊഴുകുന്ന പമ്പാനദീതടം മലിനമാകാതിരിക്കുന്നതിനും, ആ നദീതടങ്ങളിലെ ആവാസവ്യവസ്ഥയെ സംരക്ഷിക്കുന്നതിനും ശബരിമലയിലെ മാലിന്യസംസ്കരണസംവിധാനം പ്രയോജനം ചെയ്യണം.

തീർത്ഥാടനത്തിന്റെ അനുഷ്ഠാനപ്രാധാന്യവും ലാളിത്യവും നിലനിർത്തുന്നതിനും സംരക്ഷിക്കുന്നതിനും കാലികമായ നടപടി അത്യന്താപേക്ഷിതമാണ്.

ശബരിമലതീർത്ഥാടനം കുറ്റമറ്റതും, സുഗമവുമാക്കുവാനായി സംസ്ഥാനസർക്കാരും തിരുവിതാംകൂർ ദേവസ്വംബോർഡും സംയോജിച്ച്, ആത്മാർത്ഥമായി പരിശ്രമിക്കുന്നു എന്നു കാണുന്നതിൽ സന്തോഷമുണ്ട്. ദർശനസൗകര്യത്തിനു വേണ്ടിയുള്ള സ്പോട് ബുക്കിംഗിന്റെ കാര്യത്തിൽ ഉണ്ടായ ആശയക്കുഴപ്പം സർക്കാർ വേണ്ടസമയത്ത് പരിഹരിച്ചത് അതിന് ഉദാഹരണമാണ്.